ലക്കം-29/മെയ് 2015

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# ചില അവധിക്കാല ചിന്തകൾ... ആമുഖം

കത്തുന്ന സൂര്യനിൽ നിന്നും ചുററും തീ പാറുകയാണ്. പത്തു മണി കഴിഞ്ഞാൽ പുറത്തിറങ്ങുവാൻ തന്നെ വയ്യാത്ത അവസ്ഥയായിട്ടുണ്ട്. പക്ഷേ, ഇതൊന്നും ഇവിടെ കുട്ടികളെ ബാധിച്ചിട്ടില്ല. അവർ സന്തോഷം കൊണ്ടു തുള്ളിച്ചാടുകയാണ്. കാത്തു കാത്തിരുന്ന അവധിക്കാലം ഇങ്ങെത്തിയിരിക്കുന്നു. ചിലർ അവധിക്കാലം ഉണ്ടും ഉറങ്ങിയും ചെലവഴിച്ചു തീർക്കുമ്പോൾ മററു ചിലർ അതും ക്രിയാത്മകമാക്കുന്നതിൽ തത്പരരായിരിക്കും. അവധിക്കാലം യാത്രകളുടെ കൂടെ കാലമാണ്.

ഈ അവധിക്കാലം പക്ഷേ ചിലർക്കെങ്കിലും സന്തോഷം നൽകുന്നില്ല, പ്രത്യേകിച്ച് നേപ്പാളിൽ പ്രകൃതി ദുരന്തത്തിന് ഇരയായവർക്ക്. അനേകായിരങ്ങൾ മരിച്ചു, അതിലും അനേകം പേർക്ക് അംഗവൈകല്യങ്ങളോ, മാരകമായ പരുക്കുകളോ ഏററു. എങ്ങും ദുഃഖം കനം കെട്ടി നിൽക്കുന്നു. വർഷങ്ങൾക്ക് മുമ്പ് നടത്തിയ നേപ്പാൾ യാത്ര ഇന്നും കൺമുന്നിൽ... ഇടതുപക്ഷ ചിന്താധാരയും ജനാധിപത്യവും ഒക്കെ കടന്നു വരുന്നതിനു മുമ്പുള്ള നേപ്പാൾ... റെക്സോളിൽ നിന്നും അതിർത്തി കടന്ന് നേപ്പാളിലെ വീർ ഗംജിലേയ്ക്ക് പ്രവേശിക്കുമ്പോൾ മറെറാരു രാജ്യത്തേയ്ക്കാണ് കാലു കുത്തുന്നതെന്ന് വിശ്വസിക്കുവാൻ പോലും സാധിച്ചില്ല. ഒരു അന്താരാഷ്ട്ര അതിർത്തി ഇത്ര നിഷ്പ്രയാസം കടക്കാനാവുമെന്ന് ഒരിക്കലും കരുതിയതുമില്ല. നിഷ്കളങ്കരായ ജനങ്ങൾ. ആദ്യമായി ലാഠി പോലുമില്ലാതെ പോലീസിനെ കണ്ടപ്പോൾ അതിശയം തോന്നി. ഇവിടെ അങ്ങനെ പ്രശ്നങ്ങളൊന്നും ഇല്ലല്ലോ, പിന്നെന്തിനു ലാഠി എന്നായിരുന്നു മറുപടി. വാഹന നിയന്ത്രണം മാത്രമായിരുന്നു പോലീസുകാരുടെ ആകെ ജോലി. അവിടെയാണ് പ്രകൃതി സംഹാര താണ്ഡവമാടിയത്. ഇവിടെ അനിവാര്യമായ ഒരു സത്യം പ്രകൃതി നമ്മെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ എല്ലാ കണക്കുകൂട്ടലുകളെയും നിമിഷാർത്ഥം കൊണ്ട് തൂത്തെറിയുവാൻ ശക്തയായിരുന്നിട്ടും ഭൂമീ ദേവി എന്നും സർവ്വംസഹയുടെ പരിവേഷമണിഞ്ഞ് നമ്മുടെ താളത്തിനു തുള്ളുന്നു എന്നു മാത്രം.

നാം എന്നും പുറമേയുള്ള യാത്രകളിലാണ് തത്പരരായിരുന്നത്. ഇനിയും കണ്ടിട്ടില്ലാത്ത നാടുകളിൽ ചുറ്റിക്കറങ്ങി, ഫോട്ടോ ഫെയ്സ്ബുക്കിൽ പോസ്റ്റും ചെയ്ത്, കുറെ ലൈക്കും വാങ്ങിയാൽ നമുക്ക് സമാധാനമായി. എന്തോ മഹാകാര്യം ചെയ്ത സംതൃപ്തിയായി. കാണാത്ത ഭൂപടങ്ങൾ തേടി അലയുമ്പോഴും നാം കാണാതെ പോകുന്ന ചിലതുണ്ട്, നമുക്ക് നഷ്ടപ്പെട്ടു പോകുന്ന ചിലതുണ്ട്. അത് മനസ്സിലാക്കുവാൻ അല്പം സമയം നമുക്കു വേണ്ടി നമുക്കു കണ്ടെത്തേണ്ടിയിരിക്കുന്നു. ഒന്നു തിരിഞ്ഞു നടക്കുവാൻ... ഉള്ളിന്റെ ഉള്ളിലേയ്ക്ക് യാത്ര ചെയ്യുവാൻ... അവിടെ തെളിയുന്ന കാഴ്ചകൾക്ക് സത്യത്തിന്റെ തിളക്കമുണ്ട്, സ്വത്വത്തിന്റെ മണമുണ്ട്.

നമുക്കു പോലും നാം അന്യമായി തീരുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ ഇതു തികച്ചും ആവശ്യമായതു തന്നെ. മാത്രമല്ല, മററുള്ള എല്ലാ യാത്രകളും ഭൗതീകതയുമായി നമ്മെ കൂടുതൽ കൂടുതൽ അടുപ്പിക്കുമ്പോൾ ഈ യാത്ര കൂടുവിട്ട് പറക്കുവാൻ വെമ്പുന്ന നമ്മുടെ സ്വത്വത്തിന്റെ വിമോചനം കൂടിയാണ്. നാടു തേടി, നാഥനെ ത്തേടി പറക്കുവാൻ അത് എന്നേ കൊതിക്കുന്നു... ഈ യാത്രകളിൽ ഒരു നിമിഷം നാം എല്ലാം മറന്ന്, നമ്മുടെ നാഥനിൽ അണയും. അവിടെ പ്രപഞ്ച സത്യവുമായി നാം ആദ്യമായി കണ്ടുമുട്ടും. അപ്പോൾ ചക്രം പൂർത്തിയാകും. ജന്മ-ജന്മങ്ങളിലൂടെയുള്ള നമ്മുടെ യാത്രകൾ അവിടെ പരിസമാപിക്കും. നാം വീണ്ടും പുനർജ്ജനിക്കും.

ഓരോ അവധിയും ഈ പുനർജനനത്തിനു വേണ്ടിയാണ്. നഷ്ടപ്പെട്ടു പോയ ഊർജ്ജമെല്ലാം വീണ്ടെടുത്ത്, പൂർവ്വാധികം ശക്തരായി നമുക്ക് വീണ്ടും മുന്നേറുവാൻ വേണ്ടിയാണ്. ഹവിസ്സിന്റെ എല്ലാ വായനക്കാരെയും ഞങ്ങൾ ക്ഷണിക്കുകയാണ്, നേരറിവിന്റെ ഈ യാത്രയിലേയ്ക്ക്... തൊട്ടടുത്തുള്ള രാജയോഗ കേന്ദ്രങ്ങൾ നമുക്ക് ഇടത്താവളമാക്കാം. ജ്ഞാനസൂര്യൻ ഉദിച്ച് അസ്തമിക്കാറായിരിക്കുന്നു. അന്തിയാകുന്നതിനു മുമ്പ് നമുക്കും ലക്ഷ്യത്തിലെത്തേണ്ടേ, വന്നോളൂ, നമുക്കൊന്നിച്ചു നീങ്ങാം. ഒരു അവധിക്കാലം കൂടി അങ്ങനെ സാർത്ഥകമാക്കാം.





## താളുകൾ മറിക്കുമ്പോൾ

വിവേക ശകലങ്ങൾ........................................................................................................... ദാദി ജാനകി

രാജയോഗം ഇന്നത്തെ കാലഘട്ടത്തിൽ.......................................രാജയോഗി ജഗദീഷ് ചന്ദ്ര ഹസീജ

വിശ്വനാടകം.............................................................................................ബി. കെ. അനില, തിരുവനന്തപുരം

ജ്ഞാനസൂര്യൻ..................................................................................................ശ്രീഹരി, കോഴിക്കോട്

പ്രാർത്ഥന..................................................................................................കൃഷ്ണനുണ്ണി, പാലക്കാട്

മാലാഖ.............................................................................................ജി. ബാലചന്ദ്രൻ, തിരുവനന്തപുരം

സ്വയം നമുക്ക് ഉയരണോ?..........................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

പുരുഷാർത്ഥത്തിന്റെ നാൾവഴി.....................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

കഴുതയുടെ വിവേകം................................................................ബി. കെ. അനിൽ, തിരുവനന്തപുരം



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**സാധാരണമാകുക എന്നാൽ ഉദാഹരണമാകുകയാണ്.**

**എന്റെ ഉള്ളിലെ ഗുണങ്ങളെ കണ്ടെത്തുകയും ഉപയോഗിക്കുകയുമാണ് യഥാർത്ഥ സാധാരണത്വം. ഈ ഗുണങ്ങളെ എന്റെ അന്തരാത്മാവിൽ നിന്നും പുറത്തേയ്ക്കൊഴുകുവാൻ ഞാൻ അനുവദിച്ചാൽ, മററുള്ളവർക്ക് എന്നിൽ നിന്നും പ്രചോദിതരാകുവാൻ കഴിയും. എന്റെ സാധാരണത്വത്താൽ ഞാൻ മററുള്ളവർക്ക് ഉദാഹരണമാകും.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# രാജയോഗം
## ഇന്നത്തെ കാലഘട്ടത്തിൽ

രാജയോഗി ജഗദീഷ് ചന്ദ്ര ഹസീജ

അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്ന സമ്മർദ്ദം തന്നെയാകാം ഈ കാലഘട്ടത്തെ മുൻകാലങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്നത്. എന്നും വളർന്ന കൊണ്ടിരിക്കുന്ന നഗരങ്ങളിലെ തിരക്കും വാഹനങ്ങളിൽ നിന്നും ഫാക്ടറികളിൽ നിന്നും ഉയരുന്ന ഒച്ചയും തിരക്കേറിയ വാണിജ്യകേന്ദ്രങ്ങളിലെ തിക്കും തിരക്കും മനുഷ്യന്റെ ഞരമ്പുകളിൽ പിരിമുറുക്കം സൃഷ്ടിക്കുകയും അവനെ അസ്വസ്ഥനാക്കുകയും ചെയ്യുന്നു. ഇതിനു മുമ്പ് ഒരിക്കലും നഗരങ്ങൾ ഇത്രയും വലുതായിരുന്നില്ല, ഇത്രയധികം വാഹനങ്ങളോ ഫക്ടറികളോ ഉണ്ടായിരുന്നില്ല, അതുപോലെ ഇന്നത്തെ അത്രയും ശബ്ദ മലിനീകരണവും.

ജീവിതരീതിയും ജീവനമാർഗ്ഗവും വളരെ പെട്ടെന്നാണ് മാറിയത്. ശാസ്ത്രം മനുഷ്യനു സുഖഭോഗത്തിനും സൗകര്യത്തിനും ആനന്ദത്തിനുമുള്ള അനേക വസ്തുക്കൾ നൽകി. അതോടെ അവയോടുള്ള അവന്റെ ആശ്രിതത്വവും ആവശ്യങ്ങളും പതിൻമടങ്ങായി വർദ്ധിച്ചു. ആധുനിക മനുഷ്യന് കൂടുതൽ സാധന-സാമഗ്രികൾ ആവശ്യമായി വരുന്നു, അവന്റെ ജീവിതം കൂടുതൽ യാന്ത്രികമായി, അവനു തിരക്കേറി, അതോടെ അവന്റെ പരവശതകളും അപകടകരമായ നിലയിൽ വർദ്ധിച്ചു. ഇന്നു മനുഷ്യൻ കൂടുതൽ കൂടുതൽ നിരന്തര സമ്മർദ്ദങ്ങളുടെ നടുവിൽ അകപ്പെട്ടിരിക്കുകയാണ്. തിരക്കിനും സമ്മർദ്ദങ്ങൾക്കും ഇടയിലാണ് അവൻ കൂടുതൽ തീരുമാനങ്ങളും എടുക്കുന്നത്. അത് അവനെ കൂടുതൽ കുഴപ്പങ്ങളിൽ കൊണ്ടെത്തിക്കുന്നു. വ്യക്തികളെപ്പോലെ രാജ്യങ്ങൾക്കും ഇതു ബാധകമാണ്. ഇത്തരം ഒരു അവസ്ഥയിൽ, ഒരല്പം രാജയോഗ പരിശീലനം അവന് ശാന്തി പകരും. അവന്റെ മനസ്സിന് വിശ്രമം നൽകുന്നതോടൊപ്പം സമാധാനമായും വികാര രഹിതമായും തീരുമാനമെടുക്കുവാനുമുള്ള അവന്റെ കഴിവിനേയും അതു വർദ്ധിപ്പിക്കും. ഇത് അവനെയും മററുള്ളവരെയും സമാധാനത്തോടെ ജീവിക്കുന്നതിനിടയാക്കും. പ്രായോഗികമായി കൂടുതൽ ആരോഗ്യമുള്ള ജനതയ്ക്കു പകരം കൂടുതൽ ആശുപത്രികളും ഡോക്ടർമാരും ഉണ്ടാകുന്നതിനെക്കുറിച്ച് ചിന്തിക്കുന്ന സമൂഹം, ധാർമ്മികരും നിയമം പാലിക്കുന്നവരുമായ ഒരു ജനതയ്ക്കു പകരം കൂടുതൽ നിയമ പുസ്തകങ്ങളെയും നിയമ പഠനകേന്ദ്രങ്ങളെയും വക്കീലന്മാരെയും നിയമജ്ഞരേയും കുറിച്ച് ചിന്തിക്കുന്ന സമൂഹം – അങ്ങനെ കൂടുതൽ അധാർമ്മികതയിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ ഉദ്ധരിക്കുവാൻ ഈ മാനസികാവസ്ഥ ഉപകരിക്കും. എല്ലാവരും പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന, വഴക്കും വക്കാണവും കേട്ടുകേൾവി പോലുമില്ലാത്ത, പ്രകൃതിയുടെ പാലന അനുഭവിക്കുന്ന ഒരു സമൂഹമാണ് രാജയോഗ ധ്യാനത്തിലൂടെ കെട്ടിപ്പടുക്കുന്നത്. ആ സമൂഹത്തിലെ ജനങ്ങൾ സ്വാഭാവികമായും ശാന്തരും സ്നേഹമുള്ളവരും ധാർമ്മികരുമായിരിക്കും. അവർ പവിത്രരും, സന്തുഷ്ടരും ആരോഗ്യമുള്ളവരുമായിരിക്കും. അവർ പ്രവർത്തന നിരതരും കർമ്മ കുശലരുമായിരിക്കും, ശ്രദ്ധാലുക്കളും കഴിവുള്ളവരുമായിരിക്കും, ഒത്തു പോകുന്നവരും സഹയോഗികളുമായിരിക്കും. മനുഷ്യ ബന്ധങ്ങളെ കൂടുതൽ ശക്തമാക്കുന്നതും, അവന്റെ കഴിവുകളെ വർദ്ധിപ്പിക്കുന്നതും, ചിന്തകളിൽ നിന്നും മുക്തമാക്കുന്നതും, സ്മൃതിനാശത്തിൽ നിന്നും അവനെ രക്ഷിക്കുന്നതും നന്മയുടെ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതുമാണത്. മററൊരു വിധത്തിൽ പറഞ്ഞാൽ, അത് സ്വർണ്ണിമ യുഗം അഥവാ ദേവതകളുടെ നാട് അഥവാ ദൈവീക രാജ്യം കെട്ടിപ്പടുക്കുന്നതാണ്.



# വിശ്വനാടകം

ബി.കെ. അനില

ഈ സൃഷ്ടി അനന്തമാണ്, അനേകം രഹസ്യങ്ങൾ അടങ്ങിയതുമാണ്. ഈ രഹസ്യങ്ങളെ മനസ്സിലാക്കിയും, സൃഷ്ടിയിലെ വൈവിധ്യങ്ങളിൽ പ്രഭാവിതമാകാതെയുമിരിക്കണം. എങ്കിൽ മാത്രമേ നമുക്ക് ജീവിതത്തിൽ ആനന്ദം അനുഭവിക്കുവാൻ കഴിയൂ. അതിന് നമ്മളെ തയ്യാറാക്കുന്ന ഒന്നാണ് യോഗീ ജീവിതം. യോഗീ ജീവിതത്തിന് ആവശ്യമായ ഒരു മുഖ്യ ധാരണയാണ് - മാന-അപമാനം, സുഖ-ദുഃഖം, നിന്ദ-സ്തുതി, ജയ-പരാജയം, തുടങ്ങിയവയുടെ പ്രഭാവങ്ങളിൽ നിന്നും ഉപരിയായിരിക്കുക എന്നത്. അതിന് സഹായകമാകുന്ന ഒന്നാണ് ഈ സൃഷ്ടിയെ ഒരു ഡ്രാമയായി അഥവാ നാടകമായി വീക്ഷിക്കുക. ഇത് വളരെ ഉന്നതമായ ഒരു ധാരണയാണ്. നിരന്തരം ഇതിന്റെ അഭ്യാസം ചെയ്യുന്നതനുസരിച്ച് ഈ ധാരണ ഉൾക്കൊള്ളപ്പെട്ടുകൊണ്ടിരിക്കും. വിശ്വവിഖ്യാത സാഹിത്യകാരനായ ഷേക്സ്പിയർ തന്റെ ഒരു കൃതിയിൽ ഈ സൃഷ്ടിയെ ഒരു അരങ്ങായും, നാമോരോരുത്തരെയും സൃഷ്ടി നാടകത്തിലെ അഭിനേതാക്കളായും ഉപമിക്കുന്നു. ഒരു നാടകത്തിന്റെ മുഴുവൻ കഥയും അറിയാമെങ്കിൽ ആ നാടകം സാക്ഷിയായി വീക്ഷിക്കാൻ കഴിയും. അതുപോലെ ഈ വിശ്വമാകുന്ന നാടകത്തിന്റെ മുഴുവൻ കഥയും അറിയുകയും, ബുദ്ധിയിൽ ജാഗ്രതമാക്കി വയ്ക്കുകയും വേണം. ഈ വിശ്വനാടകത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കി നാടകത്തെ അവലോകനം ചെയ്യണം. അപ്പോഴാണ് ഇതിനെ നമുക്ക് സാക്ഷിയായി വീക്ഷിക്കാൻ കഴിയുന്നത്, അതിന്റെ യഥാർത്ഥ ആനന്ദം അനുഭവിക്കാൻ കഴിയുന്നത്. പരമാത്മാവ് സൃഷ്ടി നാടകത്തിന്റെ സമ്പൂർണ്ണ ജ്ഞാതാവുമാണ് സാക്ഷിയുമാണ്. അതിനാൽ ആനന്ദസ്വരൂപവുമാണ്. പുരാണങ്ങളിൽ ശ്രീകൃഷ്ണന്റെ സർവ്വദാ പുഞ്ചിരിക്കുന്ന മുഖഭാവം സൃഷ്ടിയുടെ സൂക്ഷ്മ രഹസ്യങ്ങൾ അറിയുന്നതിനാൽ എന്നത് ധ്വനിപ്പിക്കുന്നു. പൂതനയെയും, കാളിയസർപ്പത്തെയും കംസനെയും നേരിടേണ്ടി വന്നപ്പോഴും, കുരുക്ഷേത്ര യുദ്ധത്തിനു ശേഷം ഗാന്ധാരിയുടെ ശാപം ഏറ്റുവാങ്ങുമ്പോഴും പുഞ്ചിരിതൂകുന്ന മുഖത്തോടെ ശ്രീകൃഷ്ണൻ അതെല്ലാം നേരിടുന്നതായാണ് വർണ്ണിച്ചിരിക്കുന്നത്. അതുപോലെ നമ്മളും നാടകത്തിന്റെ യഥാർത്ഥ ജ്ഞാനം മനസ്സിലാക്കുമ്പോൾ നന്മ-തിന്മകളുടെ പ്രഭാവങ്ങൾക്കും ഉപരിയായിക്കൊണ്ടിരിക്കും. ഈ അവസ്ഥ ഉറയ്ക്കുമ്പോൾ സംഭവിച്ചതും, സംഭവിച്ചുകൊണ്ടിരിക്കുന്നതും, സംഭവിക്കുവാനിരിക്കുന്നതും, എല്ലാം നല്ലതായി തോന്നും. ഈ ഡ്രാമ മംഗളകാരിയായി അനുഭവപ്പെടും. ദുഃഖത്തിന്റെ അവിദ്യയുണ്ടാകും അങ്ങനെയുള്ളവർക്ക് മറ്റുള്ളവരുടെ ദുഃഖം മാറ്റാനുള്ള ശക്തി ഉണ്ടായിരിക്കും. സർവ്വരുടെയും മംഗളകാരിയാകുവാനും കഴിയും.

# ജ്ഞാനസൂര്യൻ

ശ്രീഹരി ചെട്ടികുളം, കോഴിക്കോട്.

വിശ്വനാഥന്റെ ജ്ഞാനം അമൃതധാരയായി നിറഞ്ഞു
ആത്മദീപ ചിരാതിൽ നവ്യ നാളങ്ങൾ തെളിഞ്ഞു
ആത്മാ ഞാനിതെന്ന മന്ത്രം മാത്രമായി
ലോകം ഏകഭാവം പൂകും നാൾ വന്നിതാ വീണ്ടും
ജ്ഞാന ദീപ്തിയായി ഉദിച്ചുയർന്ന ജ്ഞാനസൂര്യൻ
അമൃത കിരണം പാരിലാകെ വാരിവിതറി പ്രാണനാഥൻ
കിരണമേററു ഉണർന്നെണീററു ആർഷസംസ്കൃതി ഭൂവിൽ വീണ്ടും.

## മഹദ് വചനങ്ങൾ

സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട്
മാറിപ്പോകുന്നതു പോലെ
അറിവുദിക്കുമ്പോൾ അജ്ഞതയും
മാറിപ്പോകുന്നു.

ശ്രീ നാരായണ ഗുരു...





# പ്രാർത്ഥന

കൃഷ്ണനുണ്ണി, പാലക്കാട്

**ക**ത്തുന്ന കാട്. ആ കാട്ടിൽ കുറെ കിളികൾ കൂടുകെട്ടി ജീവിക്കുന്നു. കാട് കത്തുന്നത് കണ്ട് അതിൽ ഒരു കിളി അവിടെ നിന്ന് വളരെ ദൂരെയ്ക്ക് പറന്നു പോയി. അതിന്റെ കൊക്കിൽ കൊള്ളുന്ന വെള്ളവുമായി അത് തിരിച്ച് വന്ന് ആ വെള്ളം തീയിലേയ്ക്ക് ഒഴിക്കുന്നു. വീണ്ടും പോകുന്നു, വെള്ളം കൊണ്ടു വരുന്നു, ഒഴിക്കുന്നു. ഈ പ്രവൃത്തി തുടർന്നു കൊണ്ടേയിരുന്നു. ഈ കാഴ്ച കാണുന്ന വേറൊരു കിളി പറഞ്ഞു, സുഹൃത്തേ, നിന്റെ കൊക്കിൽ വെള്ളം കൊണ്ട് വന്ന് നിനക്ക് ഈ കത്തുന്ന തീ അണയ്ക്കാൻ സാധിക്കുമോ? നീ വരൂ, നമുക്കെല്ലാവർക്കും കൂടി തീയണയ്ക്കാൻ ദൈവത്തോട് പ്രാർത്ഥിക്കാം. വെള്ളം കൊണ്ടു വരുന്ന കിളി പറഞ്ഞു – ഞാൻ മനസ്സുകൊണ്ട് പ്രാർത്ഥിക്കുന്നുണ്ട്, അതോടൊപ്പം ഞാനെന്റെ കർത്തവ്യവും ചെയ്യുന്നു.

കേവലം പ്രാർത്ഥന കൊണ്ട് മാത്രം സിദ്ധി പ്രാപ്തമാക്കാൻ കഴിയില്ല. പ്രാർത്ഥന തനിക്കു വേണ്ടി എന്നതിനു പകരം വിശ്വത്തിനുവേണ്ടിയാകുന്നതാണ് ഉത്തമം. എന്നാൽ കർമ്മം ചെയ്യേണ്ട സമയത്ത് അത് ചെയ്യുക തന്നെ വേണം. അതിന് വേണ്ടി നമുക്ക് ഭഗവാൻ ഇന്ദ്രിയങ്ങൾ നൽകിയിട്ടുണ്ട്. കർമ്മത്തോടൊപ്പമുള്ള പ്രാർത്ഥനയും വളരെ നല്ലതാണ്. എന്നാൽ കർമ്മം ചെയ്യേണ്ട സമയത്ത് ഇരുന്ന് പ്രാർത്ഥിച്ചാൽ അതിൽ ഒരു നന്മയും ഉണ്ടാവില്ല. പ്രാർത്ഥനയുടെ സമയത്ത് പോയി കർമ്മവും ചെയ്യരുത്. എല്ലാത്തിനും അതിന്റേതായ സമയം പ്രകൃതി തന്നെ നിശ്ചയിച്ചിട്ടുണ്ട്. സന്ധ്യാസമയം പ്രാർത്ഥനയുടെ സമയമാണ്. ആ സമയത്ത് പോയി തുണിയലക്കിയാൽ അത് പ്രകൃതിക്ക് തന്നെ ദോഷം ചെയ്യലാണ്. എല്ലാത്തിനും അതിന്റേതായ നിയമമുണ്ട്. പ്രകൃതിയുമായി ആര് ഇണങ്ങുന്നുവോ അവരെ പ്രകൃതിയും പ്രപഞ്ചവും ഒരിക്കലും ചതിക്കില്ല. ശരീരമുപയോഗിച്ച് എന്ത് കർമ്മമാണോ ചെയ്യുന്നത് അതിന്റെ റിട്ടേൺ അവരവർ തന്നെയാണ് അനുഭവിക്കുന്നത്. സുഖവും ദുഖവും ഈശ്വരൻ തരുന്നതല്ല. അവരവരുടെ കർമ്മത്തിന്റെ ഫലമാണ്. സുഖമുള്ളപ്പോൾ ആരും ഈശ്വരനെ ഓർമ്മിക്കുന്നില്ല. എന്നാൽ ദുഖമുണ്ടാകുമ്പോൾ ഈശ്വരനെ കുറ്റക്കാരനാക്കുന്നു. എന്നാൽ ഈശ്വരൻ എല്ലാവർക്കും ഒരു പോലെയാണ് എല്ലാം നൽകുന്നത്. നമ്മൾ എടുക്കുന്നതിലാണ് വ്യത്യാസം. ശരിയായ കർമ്മത്തിലൂടെയും പ്രാർത്ഥനയിലൂടെയും മാത്രമാണ് നാം പരിവർത്തനപ്പെടുന്നത്. ആ പരിവർത്തനമാണ് മറ്റുള്ളവർ നമ്മിൽ കാണുന്നത്. ആ പരിവർത്തനം തന്നെയാണ് എന്റെ സംസ്ക്കാരമായി മാറുന്നത്.

എന്നിൽ ഞാൻ മാറ്റം കൊണ്ടു വന്നാൽ അതു കണ്ട് എന്റെ കുടുംബം മാറും. കുടുംബം മാറിയാൽ അതുകണ്ട് എന്റെ അയൽക്കാർ മാറും. അതുകണ്ട് നാട് മാറും. നാട് മാറിയാൽ നമ്മുടെ രാജ്യം മാറും. രാജ്യം മാറിയാൽ ലോകം തന്നെ മാറും. അതിന് ഞാനാദ്യം എന്റെ ഉള്ളിലുള്ള കുറവുകളെ ഇല്ലാതാക്കണം. തന്റെ തെറ്റുകളെ സമൂഹത്തിന് മുന്നിൽ അംഗീകരിക്കാൻ തയ്യാറാകുന്ന വ്യക്തിക്ക് മാത്രമേ പരിവർത്തനപ്പെടാൻ സാധിക്കൂ. ആദ്യം ഞാൻ എന്നതാകണം നമുടെ



# മാലാഖ

ജി. ബാലചന്ദ്രൻ, തിരുവനന്തപുരം.

കടലിന്റെ ശ്വാസം തിരമാലയെങ്കിൽ
മനസ്സിന്റെ ശ്വാസം ശുഭചിന്തനം
തിര തല്ലി സാഗരം ശുദ്ധമാകും
ശുഭ ചിന്തയാൽ മനം സ്വച്ഛമാകും
ആത്മാവിരുന്നാൽ ദീപ്തം ശരീരം
ആത്മാവ് പോയാൽ മൃതമായി ദേഹം
വെളിച്ചം വിതറും പ്രഭാതത്തിൽ ജ്ഞാന-
ഗംഗാ പ്രവാഹം ചൊരിയുന്നു സൂര്യൻ
നാവിന്റെ മൗനം മനസ്സിന്റെ മൗനം
ജ്ഞാനം നിറയ്ക്കാൻ യോഗം പുലർത്താൻ
ജ്ഞാനവും യോഗവും ചിറകാക്കി മാറ്റി
പാറി പറക്കും മാലാഖയായി.

ലക്ഷ്യം. എല്ലാ മനുഷ്യ മനസ്സുകളും ഒരുമിച്ച് പ്രാർത്ഥിച്ചാൽ ഈ ലോകത്തെ തന്നെ നമുക്ക് സ്വർഗ്ഗമാക്കി മാറ്റാം.

ഈശ്വരൻ നമുക്ക് ഒരുപാട് കഴിവുകൾ നൽകിയിട്ടുണ്ട്. ആ കഴിവുകൾ എല്ലാവരിലും ഉറങ്ങിക്കിടക്കുകയാണ്. അതിനെ ഉണർത്തണം. അത് ഉണർത്തണമെങ്കിൽ ഞാനാദ്യം എന്നെ തന്നെ തിരിച്ചറിയണം. എന്നിലെ ഗുണങ്ങളെയും ശക്തികളെയും തിരിച്ചറിഞ്ഞ്, എന്നിലുള്ള അവഗുണങ്ങളെ പുറത്താക്കണം. എങ്കിൽ ബുദ്ധി ശുദ്ധമാകും. പിന്നീട് തന്നിലെ കഴിവുകളെ ഉണർത്താം. ബുദ്ധി കാലിയായാൽ (പരചിന്തനം ഇല്ലാതായാൽ) ആ മനസ്സ് ഈശ്വരിനിലേയ്ക്ക് അടുക്കും. ഈശ്വര പ്രാർത്ഥനയിലൂടെ നമുടെ കഴിവുകൾ ഉണർത്താൻ സാധിക്കുന്നു. ആ കഴിവുകൾ ആവശ്യത്തിനനുസരിച്ച് നമുക്ക് ഉപയോഗിക്കാൻ സാധിക്കണം. പ്രാർത്ഥനയിലൂടെ എന്ത് കർമ്മം ചെയ്താലും അതിന് തീർച്ചയായും സഫലതയുണ്ടാകും. ആ കർമ്മത്തിനൊരിക്കലും കണക്ക് ഉണ്ടാവില്ല. കാരണം നമ്മുടെ കൂടെ ഈശ്വരനാണുള്ളത്. അതിന് നിരന്തര പ്രാക്ടീസ് വളരെ നല്ലതാണ്.

നോക്കൂ, മഹാത്മാ ഗാന്ധിജി, സ്വാമി വിവേകാനന്ദൻ, ശ്രീ ശങ്കരാചാര്യർ........ ഇവരെയെല്ലാം ഇപ്പോഴും മനുഷ്യർ ആദരിക്കുന്നുണ്ട്. ഈ മഹാത്മാക്കൾ ഈ ലോകത്തുനിന്ന് പോയിട്ട് ഒരുപാട് വർഷങ്ങളായി. എന്നിട്ടും ഇവരെയെല്ലാം ഇപ്പോഴും വളരെ ആദരവോടു കൂടി എല്ലാവരും സ്മരിക്കുന്നുണ്ട്. എന്നാൽ ഇവരെല്ലാം ധനം കൊണ്ടോ, ഉദ്യോഗം കൊണ്ടോ, പദവി കൊണ്ടോ അല്ല ഇത്രയും പ്രശസ്തി നേടിയത്. ലോക നന്മയ്ക്ക് വേണ്ടി, നാടിനു വേണ്ടി ജീവിതം തന്നെ സമർപ്പിച്ചവരാണിവരെല്ലാം. ഈശ്വര ശക്തിയിലൂടെ, പ്രാർത്ഥനയിലൂടെ കഴിവുകൾ തെളിയിച്ചവരാണ്. ഇവരെ മാതൃകയാക്കൂ. അപ്പോൾ ഇവരെ പോലെ നമുക്കും മഹാത്മാക്കളായി മാറാം.

# സ്വയം നമുക്ക് ഉയരണോ? അതിനുവേണ്ട ചില നുറുങ്ങുകൾ

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

എത്രമാത്രം ഉയർന്ന ഭവനയോടെയാണ് നാം ഭഗവാനെ കാണുന്നത്. ഏറെക്കുറെ മറ്റുള്ളവരേയും എന്നാൽ സ്വയം നാം നമ്മെ ഉയർന്ന ഭാവനയോടെയാണോ വീക്ഷിക്കാറുള്ളത്. നീ തന്നെയാണ് എൻെറ അച്ഛനും അമ്മയും ഗുരുവുമൊക്കെയെന്ന് നാം ഭഗവാനെ പറയാറുണ്ട്. അപ്പോൾ അത്രയും മഹിമയും വ്യക്തിത്വവും സ്വഭാവഗുണങ്ങളും സർവ്വവിശേഷതകളും നമ്മിലും കണണ്ടേ. ഇല്ല എങ്കിൽ അതുണ്ടാക്കിയെടുക്കണ്ടേ. കുട്ടികളുടെ റോൾ മോഡൽ അച്ഛനുമമ്മയുമല്ലേ. അവർ മാതാപിതാക്കളെയാണ് അനുകരിക്കുന്നത്. വളർന്നു വലുതാകുമ്പോൾ ചിലപ്പോൾ മാറ്റങ്ങൾ വരാം. നമ്മിലുള്ള നന്മകൾ എങ്ങനെയാണ് മറ്റുള്ളവർ മനസ്സിലാക്കുന്നത്, നമ്മുടെ തന്നെ ദൈനംദിന കർമ്മങ്ങളിൽ, വ്യവഹാരങ്ങളിൽ, പെരുമാറ്റങ്ങളിൽ, ചലനങ്ങളിൽ ഇതിൻെറ പ്രസരം ഉണ്ടാകണം. അതൊക്കെ എൻെറ സ്വന്തം ഭാവം (സ്വഭാവം) ആകണം. അപ്പോൾ മറ്റുള്ളവർ അത് കാണും അനുകരിക്കും. ജന്മജന്മങ്ങളായ കർമ്മങ്ങളിൽ അതിൻെറ തനതുഭാവത്തിലുള്ളത് അപ്പോൾ പ്രത്യക്ഷപ്പെടും നാമറിയാതെ തന്നെ. ഇതു മാറ്റണമെങ്കിൽ ആത്മാർത്ഥമായി നാം സ്വയം ചിന്തിച്ചുറപ്പിച്ച് നിരന്തരം അഭ്യസിക്കണം. – 'എനിക്കിത് മാറ്റിയേ പറ്റൂ' എന്ന്. ഉദാഹരണത്തിന് – കോപം വരുന്ന സ്വഭാവം, അമിത വർത്തമാനം – ഭവിഷ്യത്ത് മറന്ന് എടുത്തുചാടി എന്തെങ്കിലും പറയുക – നമുക്കറിയാത്തതാണെങ്കിലും തറപ്പിച്ച് പറയുക – നല്ലതു പറയാതിരിക്കുക – തമാശയായി പറഞ്ഞ് വേദനിപ്പിക്കുക, ഇത്യാദികൾ നാം നിശ്ചയത്തോടെ ദൃഢതയോടെ എന്നിലെ കുറവുകൾ മാറ്റും എന്ന് സങ്കൽപിച്ചാൽ ശ്രമിച്ചാൽ തീർച്ചയായും ആ കുറവുകൾ ഇല്ലാതാകുക തന്നെ ചെയ്യും.

ഏതു ദുസ്വഭാവവും നമ്മുടെ തന്നെ ദുശ്ചിന്തകളിൽ (Negative thoughts) നിന്നുൽപന്നമാകുന്നതാണ്. ചിന്തകൾ ശുഭമായാൽ (Positive thoughts) സദ് സ്വഭാവത്തിന്നുറവിടമാകും. അതുകൊണ്ട് അശുഭചിന്തകൾക്കിടമുണ്ടാവരുത്. വന്നുപോയി എങ്കിൽ ഒരിക്കലും അത് വളരരുത്, പടർന്ന് പന്തലിക്കരുത്. പാടേ പിഴുതു മാറ്റണം. ശരീരബോധത്തിൻെറ പഞ്ചവികാരങ്ങളാണ് ദുശ്ചിന്തകൾക്കുറവിടം. അവിടെ സത്ചിന്തകൾക്കുറവിടമായ ആത്മബോധം ഉണ്ടാകണം. അതിന് നിരന്തരമായി പരിശ്രമിക്കണം. നമ്മൾ ആത്മാവാണ് ശരീരം അതിൻെറ കൂടു മാത്രമാണ് എന്ന പരമസത്യം ആദ്യമേതന്നെ ഉൾക്കൊള്ളണം. അതു മറക്കുമ്പോൾ ശരീരബോധം തലപൊക്കുന്നു. സർവ്വ നാശത്തിനും, ദുഃഖത്തിനും അശാന്തിക്കും വിഷമത്തിനും, പ്രശ്നങ്ങൾക്കും ഒക്കെ കാരണം ഇതൊന്നു മാത്രമാണ്. നമ്മൾ പറയാറില്ലേ മുപ്പത്തി മുക്കോടി ദേവകൾ എന്ന്. ആരാണിവർ? അന്നുള്ള അതായത് സത്യ ത്രേതായുഗങ്ങളിലുള്ള ആത്മീയഗുണങ്ങൾ ഉൾക്കൊണ്ട മനുഷ്യരാണ് ആ ദേവതകൾ. ഓരോ യുഗങ്ങൾ പിന്നിട്ട് ജന്മങ്ങൾ എടുക്കുമ്പോൾ നമ്മിലുള്ള സാത്വികത നഷ്ടമാകുകയാണ്. അതു വീണ്ടെടുത്താൽ പഴയതുപോലെ നമ്മുടെ തനതു ഭാവമായ ആത്മഭാവം വന്നുചേരും. അങ്ങനെ നമ്മിലുള്ള ഗുണങ്ങൾ പുറത്തുവരും. സ്വഭാവ മൂല്യങ്ങളുള്ളവരാകും.

നാം എല്ലാപേരും സാക്ഷാൽ ഭഗവാൻെറ സന്താനങ്ങളായ ആത്മാക്കളാണ്. നമ്മുടെ അച്ഛനായ ഈശ്വരന് എന്തെന്തു ഗുണങ്ങളുണ്ടോ, ശക്തികളുണ്ടോ അതൊക്കെ എന്നിലുമുണ്ട്. പേരിന് മുന്നിൽ മാസ്റ്റർ ചേർത്താൽ മാത്രം മതി. അതാ

യത് ഞാൻ മാസ്റ്റർ ഭഗവാനാണ്, ഞാൻ മാസ്റ്റർ സർവ്വശക്തിവാനാണ്. ഈശ്വരൻെറ ഓരോ നാമങ്ങളും കർമ്മത്തിനാധാരപ്പെടുത്തിയാണ്. ആ കർമ്മങ്ങൾ അതിൻെറ ഉത്തരവാദിത്വങ്ങൾ ഒക്കെ നമ്മിലും നിക്ഷിപ്തമാണ്. അതു നാം പൂർത്തീകരിക്കേണ്ടതുമാണ്. ഇങ്ങനെ നമ്മുലുള്ള ശ്രേഷ്ഠ വ്യക്തിത്വത്തിനുടമയാണ് ഞാൻ എന്നുള്ള സത്യം ഉൾക്കൊണ്ട് ജീവിക്കുമ്പോൾ നന്മകൾ നാമും അനുകരിച്ചു അതു സ്വഭാവമായിത്തീരും. ആ സ്വഭാവ വിശേഷതകൾ നമ്മുടെ സ്വന്തമായിത്തീരും.

ഏറ്റവും എളുപ്പമായ അനായാസമായത് 'രാജയോഗം' അഭ്യസിക്കലാണ്. സത്യമായ ഈശ്വരൻെറ സ്വഭാവ വൈശിഷ്യങ്ങളെ ഞാൻ എൻെറ മനസ്സിൽ – എന്നിൽ നിറക്കുന്ന ഒരു വിദ്യ. അങ്ങനെ എൻെറ മനസ്സു നിറയെ ഭഗവാനെന്തു കൊണ്ട് നിറഞ്ഞിരിക്കുന്നുവോ അതു നിറയുന്നു. അങ്ങനെ ഏറ്റവും വൈശിഷ്യം നിറഞ്ഞ ഭഗവാനെപ്പോലെ മാസ്റ്റർ ഭഗവാനായിത്തീരുന്നു.

നമ്മിൽ അന്തർലീനമായി കിടക്കുന്ന അനവധി ശ്രേഷ്ഠതകളുണ്ട്. ആ ശ്രേഷ്ഠത–എനിക്കു സ്വന്തമായത് ഇപ്പോൾ നഷ്ടപ്പെട്ടതാണ്. അതു വീണ്ടെടുക്കണം. എന്നു നിശ്ചയിച്ചുറപ്പിച്ച് വീണ്ടെടുക്കണം. എന്നു സ്വയം ചിന്തിച്ച് പരിശ്രമിക്കണം വിജയം സുനിശ്ചയം.

ഒരു കാരണവശാലും അതു നടക്കുകയില്ല, നീ ജയിക്കുകയില്ല, നന്നാവുകയില്ലാ ഇത്യാദി അശുഭ ചിന്തകൾ വരാനേ പാടില്ല. എന്തൊക്കെ വിഘ്നങ്ങൾ വന്നാലും അതു നടക്കുക തന്നെ ചെയ്യും എന്ന് ശുഭമായി ചിന്തിക്കുക, പ്രവർത്തിക്കുക. തീർച്ചയായും ചിന്തിച്ചതു നടക്കും.

നമ്മിൽ നല്ല നല്ല ഗുണങ്ങൾ വന്നുചേർന്നാൽ നമുക്ക് ഉയർച്ച മാത്രമേ ഉണ്ടാവൂ. അങ്ങനെ അവനവനിൽ അന്തർലീനമായി കിടക്കുന്ന സാത്വിക ഭാവത്തെ ഉണർത്തുക, അതനുസരിച്ച് ജീവിക്കുക. വിജയം നമ്മോടൊപ്പം സദാ കാണും. നമ്മിൽ നന്മ ഉള്ളതിനാൽ മറ്റുള്ളവരും നമ്മെ സ്നേഹിക്കും, അനുകരിക്കും. എല്ലാവരുടെയും ആശീർവാദങ്ങളും നമുക്ക് പ്രാപ്തമാകും. ജീവിതം സന്തോഷം നിറഞ്ഞതാകും. Stress-less (പിരിമുറുക്കമില്ലാത്തത്) ആകും. നിരോഗിയവസ്ഥയും കൈവരിക്കും.



കന്യാകുമാരിയിൽ നിന്നും കാശ്മീരിലേയ്ക്ക് പതയാത്ര നടത്തുന്ന ശ്രീ. എം ന് കൊല്ലം രാജയോഗ സെൻ്ററിലെ ബ്രഹ്മാകുമാരി രഞ്ജിനി പൊന്നാട ചാർത്തി സ്വീകരിക്കുന്നു



പാലക്കാട് ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയത്തിന്റെ ശിവജ്യോതിഭവനത്തിൽ ഏഴാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി പഠന ക്യാമ്പ് നടന്നു. രാവിലെ 10 മണിക്ക് ഉൽഘാടനം നടന്ന ചടങ്ങിൽ ബ്രഹ്മാകുമാരി കവിത, ബി.കെ. ഗോപാലകൃഷ്ണൻ, റിട്ട.ഡി.ഇ.ഒ.ഗോപിനാഥൻ, റിട്ട.ഇ.ഇ.അരവിന്ദാക്ഷൻ എന്നിവർ ആശംസകളർപ്പിച്ചു.



# പുരുഷാർത്ഥത്തിന്റെ നാൾവഴി

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ആത്മീയ വിദ്യാപഠനത്തിൽ പുരുഷാർത്ഥമെന്ന വാക്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ടുതന്നെ പുരുഷാർത്ഥമെന്തെന്നും, അതിന്റെ പ്രസക്തിയെന്തെന്നും ഒന്നുവിലയിരുത്തുക മാത്രമാണിവിടെ ചെയ്യുന്നത്. പുരുഷൻ എന്നാൽ ആത്മാവെന്നും, പുരുഷാർത്ഥമെന്നാൽ ആത്മാവിനു വേണ്ടിയെന്നുമാണ് അർത്ഥം വരുന്നത്. അതായത് ആത്മാവിന്റെ ഉയർച്ചയ്ക്കുവേണ്ടി ചെയ്യുന്ന ശ്രേഷ്ഠ കർമ്മത്തെയാണ് പുരുഷാർത്ഥമെന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ഇതിനുവേണ്ടി മഹാഭാരതകഥയിലെ മൂന്ന് വ്യത്യസ്ത കഥാപാത്രങ്ങളെ തന്നെയെടുക്കാം. അർജ്ജുനൻ, കർണ്ണൻ, ഏകലവ്യൻ ഈ മൂന്നു കഥാപാത്രങ്ങളും തന്റെ പുരുഷാർത്ഥം എങ്ങനെയാണ് ചെയ്തത്, ഇതിൽ ഓരോരുത്തർക്കും അതിനുള്ള ഭാഗ്യ–നിർഭാഗ്യങ്ങൾ എങ്ങനെയാണ് കടന്നുവന്നത് എന്ന നമുക്ക നോക്കാം. അങ്ങനെ നമുക്കും നമ്മുടെ പുരുഷാർത്ഥത്തെ വിലയിരുത്താൻ കഴിയുന്നതാണ്.

ആ അർത്ഥത്തിൽ അർജ്ജുനൻ ആരാണ് ? കർണ്ണൻ ആരാണ് ? ഏകലവ്യൻ ആരാണ് ? ഈ ചിന്ത നമ്മളിൽ പ്രസക്തമാകുന്നു. കുലഗുരുവായ ദ്രോണാചാര്യരിൽ നിന്നും വിദ്യ പഠിക്കാനാണ് ഇവർ മൂന്നുപേരും ആഗ്രഹിച്ചത്. എന്നാൽ അർജ്ജുനനു മാത്രമാണ് അതിനുള്ള ഭാഗ്യം അനായാസം കൈ വന്നത്. ഗുരുവിന്റെ അരുമശിഷ്യനായി എന്നും കൂടെ നിന്നു പഠിക്കാൻ അർജ്ജുനനു മാത്രമേ സാധിച്ചുള്ളു. കർണ്ണനാകട്ടെ അപമാനിക്കപ്പെട്ടു പോവുകയും ചെയ്തു. എങ്കിലും അർജ്ജുനനേക്കാളും കേമനായി കർണ്ണൻ വിദ്യ പഠിച്ചുവന്നു. അർജ്ജുനന്റെ ശ്രേയസ്സിനു കളങ്കം വയ്ക്കുന്ന രീതിയിൽ ഉയർന്നു നിൽക്കുകയും ചെയ്തു. ഇനി മൂന്നാമതായുള്ളത് ഒരു ഗുരുവിന്റേയും പ്രത്യക്ഷ്യസാമീപ്യമില്ലാതെ, എന്നാൽ മനസ്സു കൊണ്ടു മാത്രം ദ്രോണരെ ഗുരുവായി വരിച്ച്, അദ്ദേഹത്തിന്റെ ഒരു ഭാവനാ പ്രതിമയ്ക്കു മുന്നിൽ സ്വന്തം ഇച്ഛാശക്തികൊണ്ട് വിദ്യ പഠിക്കുകയാണ് ഏകലവ്യൻ ചെയ്തത്. ഇവിടെ പ്രസക്തമാകുന്നത് അതുമാത്രമല്ല. അർജ്ജുനനേക്കാളും, കർണ്ണനെക്കാളും മികച്ച പാടവം പുലർത്തിയിരുന്നു ഏകലവ്യൻ. ഈയർത്ഥത്തിൽ പുരുഷാർത്ഥത്തിന്റെ നാൾവഴിയെ ഒന്നു വിലയിരുത്തുകയാണിവിടെ ചെയ്യുന്നത്.

1. എല്ലാ സൗകര്യങ്ങളും സാഹചര്യങ്ങളും സഹജമായി ഒത്തുവന്നു അർജ്ജുനന്.

2. സൗകര്യവും, സാഹചര്യവും നഷ്ടപ്പെട്ടിട്ടും, പതറാതെ, ഉറച്ചുനിന്ന് വിദ്യ സ്വായത്തമാക്കി കർണ്ണൻ.

3. സൗകര്യവും, സാഹചര്യവും, നീചകുലജാതൻ എന്നതിനാൽ നിഷേധിക്കപ്പെട്ടു ഏകലവ്യന് എങ്കിലും മറ്റാരേക്കാളും മുന്നിലാവുകയും, തന്റെ മാനസിക ഗുരുവിനു വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു അദ്ദേഹം.

പുരുഷാർത്ഥത്തിന്റെ ഈ അളവുകോൽ ഇതിനപ്പുറം എങ്ങനെ വരച്ചു കാട്ടാനാവും.



# കഴുതയുടെ വിവേകം

ബി. കെ. അനിൽ, തിരുവനന്തപുരം

ബുദ്ധിയില്ലാത്തവരെ സാധാരണ വിളിക്കാറുള്ള ഒരു പദമാണ് കഴുത. കഴുതയ്ക്ക് ബുദ്ധിയില്ലേ എന്ന് ചോദിച്ചാൽ അതിന് ഉത്തര പറയാൻ അല്പം ബുദ്ധിമുട്ടാണ്. അതിനുകാരണം ഏതൊരു കഴുതയ്ക്കും നമ്മെ പഠിപ്പിക്കാൻ ചിലത് കാണും. കഴുതയെപ്പറ്റി ഒരു പണ്ഡിതമതമുണ്ട്.

സുശ്രാന്തോ അപി വഹേത്
ഭാരം ശീതോഷ്ണം ന ച പശ്യതി
സന്തുഷ്ടശ്ചരതേ നിത്യം ശിക്ഷേച്ച ഗർദഭാത്

വിശ്രമമോ പരാതിയോ കൂടാതെ കഴുത ഭാരം വഹിക്കുന്നു. ചൂടായാലും തണുപ്പായാലും അത് ശ്രദ്ധിക്കുന്നില്ല. കഴുതയ്ക്ക് അത് ഒരു പ്രശ്നമല്ല. നിത്യവും സന്തുഷ്ടമായി അത് പോയ്ക്കൊണ്ടിരിക്കും. കഴുത പഠിപ്പിക്കുന്ന പാഠമല്ലേ എന്ന് പറഞ്ഞ് ഇതിനെ പരിഹസിക്കാനോ തള്ളിക്കളയാനോ വരട്ടെ. ഒരു കുടുംബത്തിന്റെയായാലും സമൂഹത്തിന്റെയായാലും, അതിന്റെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമായ മൂന്നുകാര്യങ്ങളാണിവ. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങൾ, പ്രതികൂല സാഹചര്യങ്ങൾ വന്നാൽ പോലും പരാതികൾ കൂടാതെ സന്തോഷപൂർവ്വം നിരവേറ്റിക്കൊണ്ട് മുന്നോട്ട് പോകണം എന്നത് മുന്നോട്ട് നയിക്കുന്ന തത്ത്വം തന്നെയാണ്. ഭാരം താങ്ങാനാവാതെ വരുമ്പോൾ സാധാരണമായി പരാതികൾ കൂടും, സന്തോഷം കുറയും. പ്രതികൂല സാഹചര്യങ്ങൾ വരുമ്പോഴും സ്ഥിതി അതുതന്നെയാകുന്നു. എന്നാൽ കഴുത തരുന്ന ഈ പാഠം ഉൾക്കൊണ്ടാൽ അത് നമ്മെ മുന്നേറുവാൻ സഹായിക്കും. ഒരു മനുഷ്യന്റെ ഉത്തരവാദിത്വം എന്ന് പറയുമ്പോൾ, അത് തന്നിൽ മാത്രം പരിമിതമായ ഒന്നല്ല. തന്നോടും തന്റെ സഹജീവികളോടും, പ്രകൃതിയോടുമെല്ലാം പാലിക്കേണ്ടതായ ഉത്തരവാദിത്വങ്ങൾ ഉണ്ട്. സ്വയം സന്തുഷ്ടമായിരിക്കുന്നത് ഒരു വിശേഷതയാണ്. എന്നാൽ അന്യർ പ്രതികൂല സാഹചര്യങ്ങളിൽ പെടുമ്പോൾ മുന്നോട്ട് പോകാൻ കഴിയാതെ വിഷമിക്കുന്ന അവരെ സഹായിക്കണം. അന്യരുടെ നന്മക്ക് വേണ്ടി തന്റെ വിശേഷതകൾ ഉപയോഗപ്പെടണം. അറിവായാലും അങ്ങനെ തന്നെ. അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കണം. നൽകുന്തോറും ഏറിടും എന്ന് പറയുന്നു. നമ്മൾ എന്ത് നൽകുന്നുവോ അത് നമ്മിലേയ്ക്ക് വരും എന്നുമാത്രമല്ല, എന്നാൽ അതിനോടൊപ്പം ഇതിൽ അടങ്ങുന്ന പുണ്യത്തിന്റെ ഫലം കൂടി അതിനോട് ചേർക്കപ്പെടും. ഇതിൽ തന്റെയും മറ്റുള്ളവരുടെയും സന്തുഷ്ടത അടങ്ങുന്നു. സ്വന്തം ധനത്തിന്റെ സുരക്ഷയും അത് ശ്രേഷ്ഠമായ കാര്യങ്ങളിൽ വിനിയോഗിക്കുമ്പോഴാണ് ഉണ്ടാകുന്നത്. അല്ലാതെ അത് ലോക്കറിൽ പൂട്ടി വയ്ക്കുമ്പോഴല്ല. അതുപോലെ, പ്രകൃതിയിലെ വിഭവങ്ങളെ ദുർവിനിയോഗം ചെയ്യാതിരിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യുമ്പോൾ അതിന്റെയും പരിപാലനം നമുക്ക് പ്രാപ്തമാകുന്നു. ഇതുപോലെ കഴുതയിൽ നിന്നും മാത്രമല്ല, മറ്റ് മൃഗങ്ങളിൽ നിന്നും പല പാഠങ്ങളും നമുക്ക് പഠിക്കുവാനുണ്ട്, ഉൾക്കൊള്ളുവാനുണ്ട്. നായയുടെ വിശ്വസ്തതയും, കൊക്കിന്റെ ലക്ഷ്യത്തിലേയ്ക്കുള്ള ഇളകാത്ത ഏകാഗ്രതയുമെല്ലാം അതിന്റെ ഉദാഹരണങ്ങളാണ് പക്ഷെ ഒരു കാര്യം– മനുഷ്യൻ തന്റെ മാനുഷിക മൂല്യങ്ങൾ മറക്കാതിരിക്കണം. ആ വിവേകമാണ് മനുഷ്യനെ മൃഗത്തിൽ നിന്നും വേർതിരിക്കുന്നത്. അത് മറന്നാൽ മനുഷ്യൻ ആ പേരിന് അർഹനല്ലാതാകുന്നു.